സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി : 30.03.2015

E3/2315/2014

# പരിപത്രം

വിഷയം :സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - വർക്കിംഗ് അറേഞ്ച്മെന്റ് റദ്ദ് ചെയ്യുന്നത് - സംബന്ധിച്ച്.

സൂചന :27.03.2015ലെ ഈ കാര്യാലയത്തിൽ നിന്നുള്ള ഇ3/2315/14 നമ്പർ പരിപത്രം

ജീവനക്കാർ കുറവായ കീഴ്കാര്യാലയങ്ങളിൽ അനുവദിച്ചിട്ടുള്ള എല്ലാ തസ്തികകളിലെയും വർക്കിംഗ് അറേഞ്ച്മെന്റ് നിയമനങ്ങൾ 31.03.2015 അപരാഹ്നം പ്രാബല്യത്തിൽ റദ്ദ് ചെയ്തുകൊണ്ട്, ടിയാളുകളെ അവരുടെ സ്വന്തം ലാവണങ്ങളിലേയ്ക്ക് തിരികെ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതാണെന്ന് സൂചനയിലെ പരിപത്രം പ്രകാരം നിർദ്ദേശം നൽകിയിരുന്നു. ഇപ്രകാരം നൽകിയിട്ടുള്ള നിർദ്ദേശം സാമൂഹ്യനീതി ഡയറക്ടറേറ്റിലേയ്ക്കും, ക്ഷേമ സ്ഥാപങ്ങളിലേയ്ക്കും നടത്തപ്പെട്ടിട്ടുള്ള വർക്കിംഗ് അറേഞ്ച്മെന്റ് നിയമനങ്ങൾക്ക് ബാധകമായിരിക്കില്ല എന്ന് വ്യക്തമാക്കിക്കൊള്ളുന്നു.

സാമൂഹ്യനീതി ഡയറക്ടറേറ്റിലേയ്ക്കും, ക്ഷേമ സ്ഥാപങ്ങളിലേയ്ക്കും നടത്തപ്പെട്ടിട്ടുള്ള വർക്കിംഗ് അറേഞ്ച്മെന്റ് നിയമനങ്ങൾ അവസാനിപ്പിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ പിന്നീട് പുറപ്പെടുവിക്കുന്നതാണ്. മറ്റ് മുഴുവൻ കാര്യാലയങ്ങളിലേയ്ക്കും നടത്തപ്പെട്ട വർക്കിംഗ് അറേഞ്ച്മെന്റ് നിയമനങ്ങൾ റദ്ദ് ചെയ്യുന്നത് സംബന്ധിച്ച് സുചനയിലെ പരിപത്രത്തിലെ നിർദ്ദേശങ്ങൾ കർശനമായും പാലിച്ചിരിക്കേണ്ടതാണ്.

(ഒപ്പ്)

**സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി**

എല്ലാ കീഴ് കാര്യാലയമേധാവികൾക്കും